# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: kSA/KKD/P8/2457/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്
കാര്യാലയപ്രതി

നമ്പർ: kSA/KKD/P8/2457/2022 തീയ്യതി: 21/02/2023

## കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-03-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സിനി.എം.വി | ജോയിന്റ് ഡയറക്ടർ | 21-12-2022 | 26-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 26-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)

ശ്രീ.സതീഷ് കുമാർ സി.പി അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി അശ്വതി ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ ബിജിൻ പി ജേക്കബ് | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ തോമസ് (ബാബു)കളത്തൂർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചിത്ര വാസു | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ അനിതു ദേവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ഷൈലേഷ് ഐ.പി | എസ്.സി ഡെവലപ്‌മെന്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ കേശവനുണ്ണി | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ കെ കെ അബ്ദുറഹ്മാൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി ലേഖ കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ മിഥുൻ ആനന്ദ് | ഇൻസ്ട്രിയൽ എകസ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ടി ഗീത | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2021 | 31-05-2021 |
| ശ്രീമതി ശ്രീലത.വി.കെ | ശിശുവികസന പദ്ധതി ഓഫീസർ | 01-06-2021 | 30-06-2021 |
| ശ്രീമതി.പുഷ്പ.ടി.കെ | ശിശുവികസന പദ്ധതി ഓഫീസർ | 01-07-2021 | 31-03-2022 |
| ശ്രീ ഷമീർ എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റെജിമോൾ ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് - അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം ) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല | 1-7 |
| 9 | സർക്കാർ നിർദ്ദേശം പാലിക്കാതെ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് റോഡു പ്രവൃത്തികൾ | 1-8 |
| 10 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല | 1-9 |
| 11 | പി.എം.എ.വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-10 |
| 12 | താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -കെ.എം.സി.എല്ലിൽ നിന്നും നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായില്ല. | 1-11 |
| 13 | സർക്കാർ നിർദ്ദേശം പാലിക്കാതെ റോഡു പ്രവൃത്തികൾ ഏറ്റെടുക്കുന്നു. | 1-12 |
| 14 | ഫിസിബിലിറ്റി സർട്ടിഫിക്കറ്റും സാമൂഹിക ഭൂപടവുമില്ലാതെ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് റോഡു പ്രവൃത്തി | 1-13 |
| 15 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി -വിനിയോഗ വിവരം ലഭ്യമല്ല | 1-14 |
| 16 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല | 1-15 |
| 17 | പെയിൻ& പാലിയേറ്റീവ് മെഡിസിൻ പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-16 |
| 18 | കന്നൂട്ടിപ്പാറ പകൽവീട് -ലക്ഷ്യം സാക്ഷാത്ക്കരിച്ചില്ല. | 1-17 |
| 19 | അങ്കണവാടി പോഷകാഹാര വിതരണം - ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല | 1-18 |
| 20 | സംയുക്ത ഫണ്ടിൽ നിന്ന് റിഡംപ്ഷൻ മുഖേന സർക്കാർ ഈടാക്കിയ തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചില്ല. | 1-19 |
| 21 | സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല | 1-20 |
| 22 | എഫ്.എച്ച്.സി കോടഞ്ചേരി ഉപകരണങ്ങൾ ,ഫർണിച്ചർ വാങ്ങൽ- വാങ്ങൽ നടപടി സുതാര്യമല്ല | 1-21 |
| 23 | മിൽക്ക് ഇൻസന്റീവ് (വനിത)പദ്ധതി രൂപീകരിച്ചതിലെ അപാകതകൾ | 1-22 |
| 24 | ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയില്ല. | 1-23 |

| ഭാഗം 2 | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല | 3-1 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 22.02.2021 തീയതിയിലെ 64-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 23/02/2022 ലെ 28/2021-22-ാം നമ്പർ തീരുമാനപ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം മിനിട്സിൽ രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 2,34,91,966 |
| വരവ് | 54,75,81,401 |
| ആകെ | 57,10,73,367 |
| ചെലവ് | 54,70,57,497 |
| നീക്കിയിരിപ്പ് | 2,40,15,870 |

എ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന് കാണാം.

ബി) ബജറ്റിൽ നിന്നുള്ള വ്യതിയാനം-ബജറ്റ് പുതുക്കിയില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേ.പ.രാജ് ആക്ട്, സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 210 എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 32,40,886 | 23,10,547 | 26,64,492 |

| | | | | |
|---|---|---|---|---|
| 2 | 220 അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 12,97,078 | 16,88,074 | 36,40,444 |
| 3 | 230 ഒ & എം ചെലവുകൾ | 10,34,297 | 3,27,123 | 4,28,944 |

ബജറ്റ്/പുതുക്കിയ ബജറ്റ് പ്രൊവിഷനേക്കാൾ കൂടുതലാണ് ചെലവുകൾ. ക്രമ നം 1, 3 ന്റെ കാര്യത്തിൽ ബജറ്റ് പുതുക്കിയപ്പോൾ പ്രൊവിഷൻ കുറഞ്ഞു. മൂന്നിനത്തിലും ബജറ്റ് അനുമതിയില്ലാതെ ചെലവ് നടത്തിയതായി കാണാം.

ബജറ്റ് തയ്യാറാക്കുന്നതിലും പരിപാലിക്കുന്നതിലും വന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിലെ ബജറ്റുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 21.06.2022 |

### 1-2-1 വാർഷിക കണക്ക് - അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ഗ്രാമപഞ്ചായത്ത് വിഹിതം 24,65,519/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 18,63,759/- രൂപയും, പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

4. വാടകയിനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയിൽ തുകകൾ ഉണ്ടെങ്കിലും, പ്രസ്തുത തുകകൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി

സൂക്ഷിച്ചിട്ടില്ല .

5. B -9 പ്രകാരമുള്ള ബാദ്ധ്യത ഹെഡിൽ ഉൾപ്പെട്ടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6.Loans, Advance, Deposit എന്നിവയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7.B -11(a) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ഹെഡിൽ 77,68,798/- രൂപ ഉണ്ട് എന്നാൽ പ്രസ്തുത തുക ഏതൊക്കെ വർക്കുകളുടെ ആണെന്നുള്ള വിവരം ലഭ്യമല്ല.

8.റീക്കൺസിലേഷൻ - ട്രഷറി കോവിഡ് അക്കൗണ്ട് 31.03.2022 ലെ ബാലൻസ് 178550/- രൂപ, എസ്.ബി.ഐ അക്കൗണ്ട് നമ്പർ - 34245500376 (IWMP) 31.03.2022 ലെ ബാലൻസ് 33602/- രൂപ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9.2020-21 ബാലൻഷീറ്റ് ബി-15 പ്രകാരം Redemption തുക 84,84,823/- ലഭിക്കാനുള്ളതായി കാണുന്നു. എന്നാൽ തൻവർഷം സ്ഥാപനത്തിന് തിരികെ ലഭിച്ചത് 28,29,278/- രൂപയാണ്. വർഷാവസാനം 1,72,71,109/- രൂപ തിരികെ ലഭിയ്ക്കാനുള്ളതായി കാണുന്നു. തിരികെ ലഭിയ്ക്കാനുള്ള തുകകളുടെ വിവരം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

10. CFC ബി -4 ഷെഡ്യൂൾ പ്രകാരവും (9050938) ബി - 17 ഷെഡ്യൂൾ പ്രകാരവും (10519328) 14,68,390/- രൂപയുടെ വ്യത്യാസം കാണുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ. ഓഡിറ്റ് എൻക്വയറി (17/2021-22 /26.12.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 2,15,61,923 |
| വരവ് | 11,68,58,425 |
| ആകെ | 13,84,20,348 |
| ചെലവ് | 11,55,46,087 |
| നീക്കിയിരിപ്പ് | 2,28,74,261 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 42571747 | 42571747 | 3,81,47,036 | 4424711 |
| വികസന ഫണ്ട് (എസ്.സി.പി ) | 11700600 | 11700600 | 1,26,08,448 | -907848 |
| വികസന ഫണ്ട് (ടി.എസ്.പി ) | 3093700 | 3093700 | 26,87,111 | 4,06,589 |
| മെയിന്റനൻസ് (നോൺ റോഡ്) | 16638555 | 16638555 | 1,47,71,874 | 1866681 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC – UnTied) | 8459728 | 8459728 | 6210449 | 2249279 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC -Tied) | 19693826 | 19693826 | 10536335 | 9157491 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് വാർഷിക കണക്ക് പ്രകാരവും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും പൊരുത്തപ്പെടാത്തതിനാൽ ബാങ്ക്, ട്രഷറി എന്നിവ പ്രകാരം വേർതിരിച്ച് നൽകുന്നതിന് സാധിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 148 | 166504364 | 130 | 86510411 | 18 | 87.83 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ശിശുവികസന പദ്ധതി ഓഫീസർ | 3 | 3 | 5853950 | 5837894 | 99.7 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 22 | 19 | 72986866 | 22047400 | 30.2 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 450000 | 450000 | 100 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 7 | 7 | 1970000 | 1806784 | 91.7 |
| എസ്.സി ഡെവലപ്മെന്റ് ഓഫീസർ | 3 | 3 | 745108 | 692141 | 92.8 |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 13 | 13 | 9716326 | 9227584 | 94.9 |

| | | | | | |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 3 | 6575000 | 1325000 | 20.1 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 6927920 | 6905934 | 99.6 |
| ഇൻസ്ട്രിയൽ എകസ്റ്റൻഷൻ ഓഫീസർ | 1 | 1 | 718750 | 318750 | 44.3 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 7 | 5 | 10968748 | 3416391 | 31.1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 84 | 72 | 49591696 | 34482533 | 69.5 |

ഡി.പി.സി. അഗീകാരം ലഭിച്ച 148 പ്രോജക്ടുകളിൽ 72 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 16,65,04,364/- രൂപ വകയിരുത്തിയതിൽ 8,65,10,411/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 6,55,000/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ഡി.പി.സി. അംഗീകാരം ലഭിച്ച 91 മരാമത്തു പ്രൊജക്ടുകളിൽ 77 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 6,05,60,444/- രൂപ വകയിരുത്തിയതിൽ 3,78,98,924/- രൂപയാണ് 2021 -22 വർഷത്തിൽ ചെലവഴിച്ചത്. അതായത് 62.5 ശതമാനം മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.12.2022 -ാം തീയതി 10.30 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ

ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

25-8-2022ലെ 4/2022 ഓഫീസ് ഉത്തരവ് പ്രകാരം ബ്ളോക്ക് പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തികവർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട്. 2021-22 ൽ 11 തവണ സ്റ്റാഫ് മീറ്റിംഗ് വിളിച്ചു കൂട്ടിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്ന വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പരാതി രജിസ്റ്ററിൽ ആഗസ്റ്റ് 2021 മുതൽ ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. 24-9-2010 ലെ 86/2010/ഫിൻ സർക്കുലർ പ്രകാരം ധനവകുപ്പ് നിർദ്ദേശിച്ച രീതിയിൽ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സോഫ്റ്റ്‌വെയറുകൾ എന്നിവ വാങ്ങുമ്പോൾ ധനവകുപ്പ് നിർദ്ദേശിച്ച രീതിയിലുള്ള സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. 1995-96 മുതൽ 2020-21 വരെ വിവിധ റിപ്പോർട്ടുകളിലായി 235 പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു.

വാർഷിക കണക്കുമായി ബന്ധപ്പെട്ട മിക്ക രേഖകളും സൂക്ഷിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഖ-1-2-1 കാണുക. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. മുൻകൂട്ടി ആവശ്യകതാ നിർണ്ണയം നടത്താതെ, താമരശ്ശേരി താലൂക്ക് ആശുപത്രിയ്ക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അതത് സമയം ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്ത് വാങ്ങലുകൾ നടത്തുന്ന രീതിയാണ് സ്വീകരിച്ചു പോരുന്നത്. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8 സർക്കാർ നിർദ്ദേശം പാലിക്കാതെ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് റോഡു പ്രവൃത്തികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 20/22

പ്രോജക്ട് : കാഞ്ഞിരപ്പറമ്പ് പുഴിച്ചുരം റോഡ്

ഫണ്ട് : വികസന ഫണ്ട് (എസ്.സി.പി)

പഞ്ചായത്ത് : താമരശ്ശേരി

സാങ്ഷൻ ഓർഡർ നമ്പർ, തുക : 278/21.02.2022, 527,074

മേൽപറഞ്ഞ പ്രോജക്ട് പ്രകാരം കാഞ്ഞിരപ്പറമ്പ് പുഴിച്ചുരം റോഡിനായി 527,074/- രൂപ പട്ടിക ജാതി വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി ഫണ്ട് വിനിയോഗിക്കുന്നതിനായി ആധാരമാക്കിയത് പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കി നൽകിയ ഫിസിബിലിറ്റി സർട്ടിഫിക്കറ്റും സാമൂഹിക ഭൂപടവുമാണ്. ഇതിൻ പ്രകാരം 17 പട്ടികജാതി കുടുംബങ്ങളും 2 മറ്റുള്ള കുടുംബങ്ങളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 51% കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നതു കൊണ്ടാണ് പട്ടികജാതി ഫണ്ട് ഉപയോഗിച്ച് റോഡു പ്രവൃത്തി നടത്തിയത്. പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന സങ്കേതങ്ങൾക്ക് തൊട്ടു താഴെ വരെയാണ് റോഡു പ്രവൃത്തി നടത്തിയിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/തസ്വഭവ തിയ്യതി.29.01.2018 ഖണ്ഡിക 6.1(5) കുറഞ്ഞത് 5 പട്ടിക ജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശം പട്ടികജാതി സങ്കേതമായി കണക്കാക്കേണ്ടതാണ്. മേൽപറഞ്ഞ ഉത്തരവ് ഖണ്ഡിക 6.1(8) പ്രകാരം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന സങ്കേതങ്ങളിലേക്ക് റോഡു നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ പട്ടികജാതി ഫണ്ട് ഉപയോഗിച്ച് റോഡു പ്രവൃത്തി നടത്താൻ പാടുള്ളൂ. ഇവിടെ കോളനിയിലേക്കുള്ള ഭാഗത്തിലേക്ക് മാത്രമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി റോഡു പ്രവൃത്തി നടത്തിയിരിക്കുന്നത്. സർക്കാർ നിർദ്ദേശം പാലിക്കാതെ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് റോഡു പ്രവൃത്തി നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-12/2021-22ന് മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിന് വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 1-9 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ

സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്നുള്ള ഒരു തവണ 2% വും, മാക്സിമം 1,00,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | സാങ്ഷൻ ഓർഡർ നമ്പർ, തുക |
|---|---|---|---|
| പള്ളിക്കുന്ന് കുടിവെള്ള പദ്ധതി (140/21) | 600,000 | റഷീദ് | 138/05-11-2021, 143,000/- 113/31-12-2018, 420,942/- = 563,942 |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| കരാർ തുക കരാർ തിയ്യതി | പൂർത്തീകരിക്കേണ്ട, കാലയളവ് തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 600,000/- (31-01-2018) | 270 ദിവസം (31-10-2018) | 20-05-2019 (201 ദിവസം) | 68 ദിവസം, 6,000/- | 12,000 | 18,000 |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. ഇത് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുകയും പലപ്പോഴും ഫണ്ട് ലാപ്സാവുന്നതിനും കാരണമാവുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2021-22) മറുപടി നൽകിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 18,000/- (പതിനെട്ടായിരം രൂപ) രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-10 പി.എം.എ.വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

സെക്രട്ടറി നടപ്പിലാക്കിയ പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം 2016-17 മുതൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 8 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | എഗ്രിമെന്റ് വെച്ച സാമ്പത്തിക വർഷം/ തീയതി | അർഹമായ ധനസഹായം | അവസാന തുക/ കൈപ്പറ്റിയ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക | പൂർത്തികരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|---|
| 1 | മജീദ് .പി | ഓമശ്ശേരി | 30-1-2017 | 400000 | 48000<br>22-2-2017 | 48000 | അഡ്വാൻസ് |
| 2 | ആമിന പിലാവുള്ളതിൽ | കിഴക്കോത്ത് | 18-9-18 | 400000 | 98000<br>19-1-21 | 306300 | റൂഫ് |
| 3 | ദേവകി | കിഴക്കോത്ത് | 25-9-20 | 400000 | 48000<br>7-10-20 | 48000 | അഡ്വാൻസ് |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | സുജാത | കിഴക്കോത്ത് | 21-8-20 | 400000 | 48000<br>5-3-21 | 360000 | റൂഫ് |
| 5 | ശാന്ത.ടി.കെ | മടവൂർ | 7-12-19 | 400000 | 48000<br>30-9-21 | 128000 | റൂഫ് |
| 6 | തങ്ക | പുതുപ്പാടി | 7-3-18 | 400000 | 48000<br>26-3-2018 | 48000 | അഡ്വാൻസ് |
| 7 | മേരി മാർക്കോസ് | പുതുപ്പാടി | 23-9-21 | 400000 | 70000<br>22-9-22 | 376000 | റൂഫ് |
| 8 | ജോസഫ് ഡാലി | തിരുവമ്പാടി | 26-9-16 | 400000 | 48000<br>17-2-2017 | 48000 (35000 തിരിച്ചടച്ചു) | അഡ്വാൻസ് |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ, തിയതി 16.3.2018 പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ് എന്നും വ്യവസ്ഥയുണ്ട്. എന്നാൽ ഇപ്രകാരം പണി പൂർത്തിയാക്കാത്തവരിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. നിലവിൽ 17-10-22 തീയ്യതിയിലെ ഡി/347/18 കത്തു മുഖേന ആർ ആർ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ യൂസർ ഐ.ഡിയും പാസ് വേർഡും ഇല്ലാത്തതിനാൽ ആയത് അനുവദിച്ചു തരുന്നതിന് സെക്രട്ടറി ജില്ലാ കലക്ടർക്ക് കത്തു നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകിയിട്ടും വീട് പണി നടത്താത്ത ഗുണഭോക്താക്കളിൽ നിന്നും അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/2021-22/24.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരിക്കാത്ത വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണ സമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-11 താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -കെ.എം.സി.എല്ലിൽ നിന്നും നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായില്ല.

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള താമരശ്ശേരി താലൂക്ക് ആശുപത്രി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതോടൊപ്പം മൾട്ടി പാര മോണിറ്ററും, അനുബന്ധ ഉപകരണങ്ങളും, അനസ്തേഷ്യ വർക്ക് സ്റ്റേഷനും വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള മെഡിക്കൽ കോ-ഓർപ്പറേഷനിൽ നിന്ന് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി അഡ്വാൻസായി 13,73,984/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കുള്ള ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S00183/20 |
| പ്രോജക്ടിന്റെ പേര് | താമരശ്ശേരി താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 19,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | 18,66,984/- (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ബിൽ നം | 1. 54/21 -22 /27/03/22 തുക -13,05,451/-<br>1. 66/21 -22 /31/03/22 തുക 68533/-<br>1. 65/21 -22 /31/03/22 തുക - 4,93,000/-<br>18,66,984/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി താമരശ്ശേരി |

ബ്ലോക്ക് പഞ്ചായത്തിലെ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ മൾട്ടി പാര മോണിറ്ററും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.സി.എല്ലിൽ നിന്ന് 154/2021-22/17/03/2022 പെർഫോർമ ഇൻവോയിസ് ലഭ്യമാക്കി 54/21 -22 /27/03/22 പ്രകാരം 13,05,451/- രൂപയും, അനസ്തേഷ്യ വർക്ക്

സ്റ്റേഷൻ ലഭ്യമാക്കുന്നതിനായി 174/2021-22/23/03/2022 പെർഫോർമ ഇൻവോയിസ് ലഭ്യമാക്കി 66/21-22 /27/03/22 പ്രകാരം 68,533/- രൂപയും ഉൾപ്പടെ തൈക്കാട് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000037 നമ്പർ അക്കൗണ്ടിലേക്ക് അഡ്വാൻസായി ആകെ 13,73,984/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ മേൽ പ്രതിപാദിച്ച ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി താലൂക്ക് ആശുപത്രി താമരശ്ശേരി, സൂപ്രണ്ട്, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജർക്ക് 14.07.2022 ക്ക് എ 2 – 220/2022 നമ്പർ കത്ത് നൽകിയിട്ടുണ്ട്. തുടർ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (05/21-22 /24.02.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 13,73,984/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മൾട്ടി പാര മോണിറ്ററും, അനുബന്ധ ഉപകരണങ്ങളും, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ എന്നിവ കെ.എം.സി.എല്ലിൽ നിന്ന് ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 സർക്കാർ നിർദ്ദേശം പാലിക്കാതെ റോഡു പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ. (കൈ)11/2018/തസ്വഭവ തിയ്യതി.29.01.2018 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലുള്ള റോഡ് പ്രവത്തി ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി റോഡു പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത ചില റോഡു പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | പ്രോജക്ട് നമ്പർ, പ്രവൃത്തി | പഞ്ചായത്ത് | സാങ്ഷൻ ഓർഡർ നമ്പർ, തുക |
|---|---|---|---|
| 1 | പുല്ലാഞ്ഞിമേട്-വലങ്ങാപ്പാറ റോഡ് (86/22) | പുതുപ്പാടി | 325/19-03-22, 440,769/- |
| 2 | ചെറുശ്ശേരി കുരിശുപള്ളി മേലെ കൊടക്കാട്ടുപാറ റോഡ് കോൺക്രീറ്റ് (169/22) | തിരുവമ്പാടി | 397/30-03-22, 704,543/- |
| 3 | കുഴിപ്രക്കുന്ന് എസ്.സി കോളനി റോഡ് (170/22) | മടവൂർ | 316/16-03-22, 481,495/- |
| 4 | കാഞ്ഞിരപ്പറമ്പ് പുഴിച്ചരം റോഡ് (20/22) | താമരശ്ശേരി | 278/21-02-22, 527,074/- |

| | |
|---|---|
| | 2,153,881/- |

മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 7.13.(3) പ്രകാരം, ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ആണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലുള്ള റോഡുകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ആണ് ഇവയെന്നതിന്റെ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രവും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-10/2021-22ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതയുടെ അടിസ്ഥാനത്തിൽ മേൽ 4 പ്രവൃത്തികളിലായി ചെലവഴിച്ച 2,153,881/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ആണ് ഇവയെന്നതിന്റെ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 ഫിസിബിലിറ്റി സർട്ടിഫിക്കറ്റും സാമൂഹിക ഭൂപടവുമില്ലാതെ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് റോഡു പ്രവൃത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 170/22

പ്രോജക്ട് : കുഴിപ്രക്കുന്ന് എസ്.സി കോളനി നവീകരണം

ഫണ്ട് : വികസന ഫണ്ട് (എസ്.സി.പി)

പഞ്ചായത്ത് : മടവൂർ

സാങ്ഷൻ ഓർഡർ നമ്പർ,തുക : 316/16.03.2022, 481,495/-

മേൽപറഞ്ഞ കുഴിപ്രക്കുന്ന് എസ്.സി കോളനി നവീകരണം എന്ന പ്രോജക്ട് പ്രകാരം കോളനി റോഡ് പ്രവൃത്തി മാത്രമാണ് നടപ്പിലാക്കിയത്. ഇതിനായി 481,495/- രൂപ പട്ടിക ജാതി വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/ തസ്വഭവ തിയ്യതി.29.01.2018 ഖണ്ഡിക 6.1(6) ഗുണഭോക്താക്കളിൽ 51% കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ പട്ടികജാതി ഫണ്ട് ഉപയോഗിച്ച് റോഡു പ്രവൃത്തി നടത്താം. മേൽപറഞ്ഞ ഉത്തരവ് ഖണ്ഡിക 6.1(9) പ്രകാരം പട്ടികജാതി ഫണ്ട് വിനിയോഗിക്കുന്നതിനായി ആധാരമാക്കേണ്ടത് പട്ടികജാതി വികസന

ഓഫീസർ തയ്യാറാക്കി നൽകിയ, ഗുണഭോക്താക്കളിൽ 51% കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും സാമൂഹിക ഭൂപടവുമാണ്. എന്നാൽ മേൽപറഞ്ഞ പ്രോജക്റ്റിന്റെ കൂടെ പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കിയ മേൽപ്പറഞ്ഞ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട എന്ന ഓഡിറ്റ് എൻക്വയറി-11/2021-22ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകത കാരണം മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 481,495/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കി നൽകിയ, ഗുണഭോക്താക്കളിൽ 51% കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണെന്ന ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും സാമൂഹിക ഭൂപടവുമവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി -വിനിയോഗ വിവരം ലഭ്യമല്ല

2021-22 വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ കൂലിചെലവ് സബ്സിഡി, സോളാർ ഫെൻസിംഗ് എന്നീ പദ്ധതികൾ പ്രകാരം പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഭൗതിക നേട്ട റിപ്പോർട്ട്, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ബിൽ സാങ്ഷൻ നമ്പർ, തിയതി/തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 1 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 1.217/21-22/ 20/01/22 – 40,000<br>2.218/21-22/ 20/01/22 – 60,000<br>3.219/21-22/ 20/01/22 – 30,000<br>4.247/21-22/ 10/02/22– | ചെലവ്-വികസന ഫണ്ട് - ജനറൽ | യഥാക്രമം താമരശ്ശേരി, കട്ടിപ്പാറ, ഓമശ്ശേരി കോടഞ്ചേരി, പുതുപ്പാടി, കിഴക്കോത്ത് മടവൂർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി |

| | | | | |
|---|---|---|---|---|
| | | 1,00,000<br>5.248/21-22/ 10/02/22 – 1,50,000<br>6. 249/21-22 /10/02/22 – 20000<br>7.250/21-22 /10/02/22 – 1,00,000<br>5,00,000/ | | വിനിയോഗ വിവരം ലഭ്യമല്ല. |
| 2 | കാർഷികവിള സംരക്ഷണത്തിന് സൗരോർജ്ജ വേലി നിർമ്മാണം (സംയുക്തം) | 1.402/21-22/ 30/03/22 – 2,00,000<br>2.407/21-22/ 30/03/22 – 2,00,000<br>3.219/21-22/ 20/01/22 – 2,00,000<br>4.247/21-22/ 10/02/22– 2,00,000<br>8,00,000 | വികസന ഫണ്ട് - ജനറൽ | കട്ടിപ്പാറ, തിരവമ്പാടി, പുതുപ്പാടി കോടഞ്ചേരി, ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകി വിനിയോഗ വിവരം ലഭ്യമല്ല. |
| | ആകെ | 13,00,000 | | |

ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടുകളിലേക്ക് മേൽ ബില്ല് പ്രകാരം കൈമാറിയ 13,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാൻ സ്വീകരിച്ച നടപടി

റിപ്പോർട്ട് ചെയ്യുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/2021-22 തീയതി 24.12.2022) മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 13,00,000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല

2021-22 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക്/മറ്റ് ഏജൻസികൾക്ക് വിഹിതം നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ബിൽ സാങ്ഷൻ നമ്പർ, തിയതി/തുക | റിമാർക്സ് | ഫണ്ടിനം |
|---|---|---|---|---|
| 1. | 111/22 ചെമ്പിലി പൊതു ശ്മശാനം ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ കോടഞ്ചേരി (സംയുക്തം) | 339/23-3-22 200000 | കോടഞ്ചേരി പഞ്ചായത്തിന് തുക കൈമാറി. പഞ്ചായത്തിന്റെ പ്രോജക്ട് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2. | 112/22 കുരിശ്ശുങ്കൽ കുടിവെള്ള പദ്ധതി കോടഞ്ചേരി (സംയുക്തം) | 340/23-3-22 900000 | കോടഞ്ചേരി ഗ്രാമ പഞ്ചായത്തിന് തുക കൈമാറി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | | | |
|---|---|---|---|---|
| | | | | |
| 3. | 21/22 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി പട്ടികജാതി വിഭാഗം (ബ്ളോക്ക് വിഹിതം ) | ആകെ ചെലവ്- 3202000 | കോടഞ്ചേരി ഗ്രാമപഞ്ചായത്തിന് കൈമാറിയ 1280000/-, തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറിയ 837000 രൂപ എന്നിവയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | വികസന ഫണ്ട് - എസ്.സി.പി |
| 4. | 14/22 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ വിഭാഗം (ബ്ളോക്ക് വിഹിതം ) | ആകെ ചെലവ്- 4052000 | തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് കൈമാറിയ 1200000 രൂപ, കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് കൈമാറിയ 1152000 രൂപ, മടവൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയ 200000 രൂപ എന്നിവയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | വികസന ഫണ്ട് പൊതുവിഭാഗം |
| 5 | 23/22 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി പട്ടിക വർഗ്ഗ വിഭാഗം (ബ്ലോക്ക് വിഹിതം ) | ആകെ ചെലവ്- 575800 | കോടഞ്ചേരി ഗ്രാമപഞ്ചായത്തിന് കൈമാറിയ 240000 രൂപ, കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് കൈമാറിയ 125800 രൂപ എന്നിവയുടെ | വികസന ഫണ്ട് ടി.എസ്.പി |

| | | | | |
|---|---|---|---|---|
| | | | വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | |
| 6 | 43/22 പൂവ്വത്തിങ്ങൽ ചുവട് അങ്കണവാടി കെട്ടിട നിർമ്മാണം കോടഞ്ചേരി ബ്ളോക്ക് വിഹിതം | 700000 191/7-1-22 | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലേക്ക് വിഹിതം നൽകി | വികസന ഫണ്ട് പൊതുവിഭാഗം |
| 7 | 66/22 മൂപ്പൻകുഴി അങ്കണവാടി കെട്ടിട നിർമ്മാണം പുതുപ്പാടി ബ്ലോക്ക് വിഹിതം | 700000 194/10-1-22 | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലേക്ക് വിഹിതം നൽകി | വികസന ഫണ്ട് പൊതുവിഭാഗം |
| 8 | മേൽപ്പള്ളിത്താഴം അങ്കണവാടി കെട്ടിട നിർമ്മാണം മടവൂർ ബ്ലോക്ക് വിഹിതം | 700000 193/7-1-22 | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലേക്ക് വിഹിതം നൽകി | വികസന ഫണ്ട് പൊതുവിഭാഗം |
| | ആകെ | 11,029,800 | | |

ഗ്രാമപഞ്ചായത്തുകളുടെ TSB എക്കൗണ്ടുകളിലേക്കും/മറ്റ് ഏജൻസികളുടെ എക്കൗണ്ടുകളിലേക്കും കൈമാറിയ വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 11,029,800/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-16 പെയിൻ& പാലിയേറ്റീവ് മെഡിസിൻ പൂർണ്ണമായി ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0074/22 |
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രി, താമരശ്ശേരി |
| അടങ്കൽ | 5,00,000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 4,83,364/- (വികസന ഫണ്ട് - ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, താമരശ്ശേരി |

മേൽ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രി താമരശ്ശേരി സെക്കണ്ടറി പാലിയേറ്റീവ് പരിചരണം നടപ്പിലാക്കുന്നതിനായി പാലിയേറ്റീവ് വാഹന വാടക, ഭക്ഷണം, പാലിയേറ്റീവ് അനുബന്ധ പ്രവർത്തനം, മരുന്ന് വാങ്ങൽ എന്നീ പ്രവർത്തനങ്ങൾക്കായി ഡി.എച്ച്.സി യിൽ നിന്ന് എൻ.എ.സി ലഭ്യമാക്കി 4,83,364/- രൂപ ചെലഴിച്ചിട്ടുണ്ട്. ആയതിൽ ഇൻഡന്റ് പ്രകാരമുള്ള പാലിയേറ്റീവ് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ കോർപ്പറേഷനിൽ നിന്ന് 03/11/21 ലെ പെർഫോർമ ഇൻവോയിസ് നമ്പർ PRF 3158 ലഭ്യമാക്കി. പ്രസ്തുത ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 14.12.21 തീയതിയിലെ 31/21-22 നമ്പർ ബിൽ പ്രകാരം 140,707/- രൂപ മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 95,076/-രൂപയുടെ മരുന്ന് മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. ബാക്കി 45,631/-

രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. പാലിയേറ്റീവ് ആവശ്യമരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറി (04/2020-21/24.12.2022) ന് മറുപടി നൽകിയിട്ടില്ല. 45,631/- രൂപയുടെ മരുന്ന് ലഭ്യമാവാത്തതിനാൽ 45,631/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പാലിയേറ്റ് രോഗികൾക്കുള്ള ആവശ്യ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി നൽകി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-17 കന്നൂട്ടിപ്പാറ പകൽവീട് -ലക്ഷ്യം സാക്ഷാത്ക്കരിച്ചില്ല.

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുന്ന കന്നൂട്ടിപ്പാറ പകൽവീടിന്റെ നിർമ്മാണത്തിനായി വിവിധ വർഷങ്ങളിലായി താഴെ കൊടുത്തിരിക്കും വിധം തുക ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/വർഷം/ പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ഫണ്ടിനം | ബിൽ സാങ്ഷൻ നം/തീയ്യതി |
|---|---|---|---|---|---|
| 1 | 222/2019-20 കന്നൂട്ടിപ്പാറ പകൽവീട് | 1503697 | ഇല്ല | വികസന ഫണ്ട് | |
| 2 | 106/2020-21 കന്നൂട്ടിപ്പാറ പകൽവീട് | 2500000 | 1202746+ 1183986 = 2386732 | വികസന ഫണ്ട് | 141/14-9-20, 232/8-1-21 |
| 3 | 118/2021-22 കന്നൂട്ടിപ്പാറ പകൽവീട് | 113268 | 84523 | വികസന ഫണ്ട് | 13/21-6-21 |
| | ആകെ ചെലവ് | | 2471255 | | |

23,86,732/- രൂപ ചെലവഴിച്ച പകൽ വീടിന്റെ നിർമ്മാണം 23-11-2020ന് പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് 2021-22 വർഷ പ്രോജക്ട് പ്രകാരം 84,523/- രൂപ ചെലവഴിച്ച് പകൽ വീടിന്റെ ഇലക്ട്രിക്കൽ പ്രവൃത്തി 22-2-2021 ന് പൂർത്തീകരിച്ചിട്ടുണ്ട്. കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരോട് നിലവിലെ അവസ്ഥ അന്വേഷിച്ചപ്പോൾ കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പകൽ വീട് വയോജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. നിലവിൽ

കെട്ടിടത്തിൽ വെള്ളം, ഫർണ്ണീച്ചർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. 2022-23 വർഷത്തെ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റിൽ തുക വകയിരുത്തി പകൽ വീടിന് ഫർണ്ണിച്ചർ വാങ്ങി നൽകുന്നുണ്ടെന്ന സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിച്ച് ഒരു വർഷം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രോജക്റ്റ് വിഭാവനം ചെയ്ത ലക്ഷ്യത്തിനായി കെട്ടിടം ഉപയോഗപ്രദമാക്കിയില്ലെന്നത് പദ്ധതി ആസൂത്രണത്തിലെ മുൻകാഴ്ചയില്ലായ്മയെയാണ് കാണിക്കുന്നത്.

അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടം വയോജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/21-22 തീയതി 26.12.22) മറുപടി നൽകിയിട്ടില്ല. അപാകതകൾക്കുള്ള കാരണം വിശദീകരിക്കേണ്ടതും കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടം വയോജനങ്ങൾക്ക് തുറന്ന് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18 അങ്കണവാടി പോഷകാഹാര വിതരണം - ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല

കൊടുവള്ളി സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-22 വർഷംനടപ്പിലാക്കിയിട്ടുള്ള അങ്കണവാടി പോഷകാഹാര വിതരണം - ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 2021-22 വർഷം 9,00,000/- രൂപ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അങ്കണവാടി പോഷകാഹാര വിതരണം എന്ന പദ്ധതിയുടെ ബ്ലോക്ക് വിഹിതമായി കൈമാറിയിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ വിനിയോഗ വിവരം ലഭ്യമല്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക/ബിൽ സാങ്ഷൻ നം |
|---|---|---|
| 1 | മടവൂർ | 99960-360/25-3-22 |
| 2 | പുതുപ്പാടി | 100000-364/25-3-22 |
| 3 | തിരുവമ്പാടി | 100000-361/25-3-22 |
| 4 | കൂടരഞ്ഞി | 100000-358/25-3-22 |
| 5 | കിഴക്കോത്ത് | 100000-366/25-3-22 |
| 6 | ഓമശ്ശേരി | 100000-362/25-3-22 |

| | | |
|---|---|---|
| 7 | കോടഞ്ചേരി | 100000-359/25-3-22 |
| 8 | താമരശ്ശേരി | 100000- --/25-3-22 |
| 9 | കട്ടിപ്പാറ | 100040-365/25-3-22 |
| | ആകെ | 900000 |

ഗ്രാമപഞ്ചായത്തുകളുടെ TSB എക്കൗണ്ടുകളിലേക്ക് കൈമാറിയ വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 9,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-19 സംയുക്ത ഫണ്ടിൽ നിന്ന് റിഡംപ്ഷൻ മുഖേന സർക്കാർ ഈടാക്കിയ തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചില്ല.

ജി.ഒ (പി) നം.34/2022/Fin Dated 19.03.2022 ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ സംയുക്ത പദ്ധതികൾക്കായി ആരംഭിച്ച സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ (799013`000000103) നിന്ന് ട്രഷറിയുടെ 31/03/2022 ലെ 26561 (ORDER No.1337/2022/F2- TRY Dtd 31/03/2022) പ്രകാരം 12,80,000/- രൂപ റിസംപ്ഷൻ തുകയായി സർക്കാർ ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ സർക്കാരിൽ നിന്ന് തിരികെ ലഭ്യമായിട്ടില്ല.

പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 04/08/2022 ലെ BP/HA/101/22 പ്രകാരം അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജി) യ്ക്ക് കത്ത് നൽകിയതായി കാണുന്നു. എന്നാൽ തുടർനടപടികളുടെ വിശദാംശം ഫയലിൽ ലഭ്യമല്ല. തുടർനടപടികൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (15/2021 – 22/26.12.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സംയുക്ത ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നു .

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്കുകൾക്കായി മുൻവർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ലപഞ്ചായത്ത് വിഹിതമിനത്തിൽ 18,63,759/- രൂപയും, ഗ്രാമപഞ്ചായത്തിന്റെ വിഹിതമിനത്തിൽ 24,65,519/- രൂപയും, ബാധ്യതയായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ക്യാപിറ്റൽ, റവന്യൂ ചെലവകളുകൾക്കായി ലഭ്യമായിട്ടും ചെലവഴിക്കാതെ അവശേഷിച്ച തുകയാണ്.

23.01.2017 ധനകാര്യ വകുപ്പിന്റെ സ.ഉ (പി) നം.07/2017 ഉത്തരവ് പ്രകാരം സംയുക്ത

പ്രോജക്ടുകൾക്കുള്ള അക്കൗണ്ട് - മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനായി ഒരു STSB അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കാവുന്നതാണെന്നും, സെപ്തംബർ 30 ന് മുമ്പ് സ്ഥാപനങ്ങൾ ഈ അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ലഭ്യമായ സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക ഫെബ്രുവരി 28നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും മുൻ വർഷങ്ങളിൽ ലഭ്യമായതും നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ല പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 43,29,278/- രൂപ തിരികെ സർക്കാരിലേക്ക് അടവാക്കാത്തതിനും, പദ്ധതികൾ സമയബന്ധിതമായി പൂർത്തികരിക്കാത്തതിനും, ട്രഷറിയിൽ നിന്ന് സർക്കാർ തിരികെ ഈടാക്കിയ തുക ലഭിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (15/2021 – 22/26.12.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-20 സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ അംഗീകരിച്ച് കരാറുകാരനെ യഥാസമയം അറിയിക്കുന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവ് (പി) നം.13/2012 പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ 2012ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2011.3 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ്/കൊറിയർ/ഈ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. അടിയന്തര ഘട്ടത്തിൽ ടെലഗ്രാം/SMS ആയും അറിയിപ്പ് നൽകാവുന്നതാണ് എങ്കിലും അതോടൊപ്പം തന്നെ പോസ്റ്റലായും അയക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് ആയി കരാറുകാരന് നൽകിയതിന്റെ രേഖകൾ ഫയലിലില്ല. ആയവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-13/2021-22ന് മറുപടി നൽകിയിട്ടില്ല. സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് ആയി കരാറുകാരന് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-21 എഫ്.എച്ച്.സി കോടഞ്ചേരി ഉപകരണങ്ങൾ ,ഫർണിച്ചർ വാങ്ങൽ- വാങ്ങൽ നടപടി സുതാര്യമല്ല

സ.ഉ (എം.എസ്)നം. 24/2017/ITD/ 18/11/2017 , സ.ഉ (സാധാ) നം. 25/2017/ITD/01/02/2018 ഉത്തരവ് പ്രകാരവും ,18.03.2019 ലെ ഇലക്ട്രോണിക്സും, വിവര സാങ്കേതികവും വിദ്യ (ഐ.റ്റി.സെൽ) -1/26/2019 വി.സ.വ സർക്കുലർ പ്രകാരവും സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്കും കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ കെൽട്രോൺ മുഖാന്തിരമല്ലാതെ വാങ്ങാൻ പാടുള്ളതല്ല എന്ന കർശന നിർദ്ദേശമുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, കോടഞ്ചേരി നടപ്പിലാക്കിയ പദ്ധതിയിൽ ക്വട്ടേഷൻ മുഖേന RODIITTE കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ CLT21C02644/24/03/2022 ഇൻവോയിസ് പ്രകാരം 2 വീതം ലാപ്ടോപ്പ്, ലാപ്ടോപ്പ് ക്യാരിബാഗ് എന്നിവ 88,999.98/- രൂപ മുടക്കി വാങ്ങി ഉപയോഗിക്കുന്നുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ - | 182/22 |
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സി കോടഞ്ചേരി ഉപകരണങ്ങൾ, |

| | |
|---|---|
| | ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 2,00,000/- |
| ചെലവ് | 1,96,501/- |
| ബിൽ സാങ്ഷൻ നമ്പര്/തീയതി | സി.ബി നമ്പർ - 18/21-22/ 30/03/2022 1,96,501/- |

ഐ.റ്റി ഉപകരണങ്ങൾ കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്യാതെ വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-22 മിൽക്ക് ഇൻസന്റീവ് (വനിത)പദ്ധതി രൂപീകരിച്ചതിലെ അപാകതകൾ

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി താഴെ കൊടുത്തിരിക്കും പ്രകാരം 2021-22 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 60/22 മിൽക്ക് ഇൻസെന്റീവ് (വനിത) | 4000000 (വികസന ഫണ്ട്) | 4000000 |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.1.2018 ഖണ്ഡിക 5.4.1(10) പ്രകാരം വികസന ഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന്

അനുയോജ്യമായ പ്രോജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. മിൽക്ക് ഇൻസെന്റീവ് പോലെ സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/24-12-22) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയില്ല.

ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 1,25,000/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. നാളിതുവരെ ഈ ഇനത്തിലുള്ള തുക മുതൽ കൂട്ടാത്തതിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (16/2021 – 22/26.12.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിലുള്ള തുക മുതൽക്കൂട്ടി തുടർ വിവരങ്ങൾ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ

സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്നുള്ള ഒരു തവണ 2% വും, മാക്സിമം 1,00,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | സാങ്ഷൻ ഓർഡർ നമ്പർ, തുക |
|---|---|---|---|
| പള്ളിക്കുന്ന് കുടിവെള്ള പദ്ധതി (140/21) | 600,000 | റഷീദ് | 138/05-11-2021, 143,000/- 113/31-12-2018, 420,942/- = 563,942 |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| കരാർ തുക കരാർ തിയ്യതി | പൂർത്തീകരിക്കേണ്ട, കാലയളവ് തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 600,000/- (31-01-2018) | 270 ദിവസം (31-10-2018) | 20-05-2019 (201 ദിവസം) | 68 ദിവസം, 6,000/- | 12,000 | 18,000 |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി

പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. ഇത് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുകയും പലപ്പോഴും ഫണ്ട് ലാപ്സാവുന്നതിനും കാരണമാവുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2021-22) മറുപടി നൽകിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 18,000/- (പതിനെട്ടായിരം രൂപ) രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| മറ്റ് ഗ്രാമ പഞ്ചായത്ത് | 19,65,519 | ------- | -------- | ------- | 0 | 19,65,519 |
| | | 2021-22 | 31,45,000 | പി.എം. എ.വൈ ഭവന പദ്ധതി | 31,45,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (പൊതു വിഭാഗം) | | |
| | | 2021-22 | 6,90,000 | പി.എം. എ.വൈ ഭവന പദ്ധതി | 1,90,000 | 5,00,000 |
| | 19,65,519 | | 38,35,000 | | 33,35,000 | 24,65,519 |
| ജില്ലാ പഞ്ചായത്ത് | 1809759 | | | റവന്യൂ ചെലവുകൾക്കായി ലഭിച്ച തുക | | 1809759 |
| | 54000 | | | ക്യാപിറ്റൽ കോൺട്രിബ്യൂഷനായി ലഭിച്ച തുക | | 54000 |
| | | 2021-22 | 1360158 | പി.എം. എ.വൈ ഭവന പദ്ധതി (പൊതു വിഭാഗം) | 1360158 | 0 |
| | | 2021-22 | 189000 | പി.എം. എ.വൈ ഭവന പദ്ധതി (പട്ടിക ജാതി വിഭാഗം) | 189000 | 0 |
| | 18,63,759 | | 1549158 | | 1549158 | 18,63,759 |

<u>കുറിപ്പ്</u> -

1. മുൻബാക്കി ഉള്ള തുക ഏത് പദ്ധതിക്ക്, ഏത് വർഷം ലഭ്യമായ തുകയാണെന്ന് എ.സി.ആർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വ്യക്തമല്ല. നേരിൽ അന്വേഷിച്ചിരുന്നുവെങ്കിലും തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിച്ച തുക ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

എന്നാൽ ട്രയൽ ബാലൻസ് പ്രകാരം ചെലവ് വന്നിട്ടുണ്ട്. B – 4 പ്രകാരമുള്ള നിക്കീയിരിപ്പിലും ട്രയൽ ബാലൻസ് പ്രകാരം ചെലവ് കഴിഞ്ഞുള്ള തുകയാണ് ഉള്ളത്.

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | 1999 | 3(44) | പ്രോജക്ടിന്റെ പേരിൽ അനധികൃത ചെലവുകൾ നടത്തി | പഠനയാത്രയുടെ വിശദാംശങ്ങളും നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ലഭ്യമാക്കണം |
| | | 1999 -00 | 4/58(എ) | നടുക്കുന്ന് ശുദ്ധജല വിതരണം | ശ്രീ.കെ.കെ. അച്യുതനിൽ നിന്നും ആർ. ആർ നടപടിക ളിലൂടെ തുക ഈടാക്കണം |
| | | 1999 -00 | 4/58(ഡി) | ഇൻഡസ്ട്രിയൽ ലൈസൻസ് & മോണിറ്ററിംഗ് സെന്റർ | പരാമർശം തുടരുന്നു |
| 2003-04 | 3-21 | 2005-06 | 2.67(2) | എസ്.ജി.ആർ.വൈ റോഡ്- അധിക ഭക്ഷ്യധാന്യം | സമിതിയുടെ ശുപാർശ പ്രകാരം (LFA (16-19) 25th Report ഖ. 8) സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപന ത്തിന് കത്ത് നൽകി |
| 2003-04 | 3-30 | 2005-06 | 2.67(5) | ച്യമതലയിൽ പ്പെടാത്ത പദ്ധതിക്ക് ആനുകൂല്യം | സമിതിയുടെ ശുപാർശ പ്രകാരം (LFA (16-19) 25th Report ഖ. 13) പെർഫോർമൻസ് ഓഡിറ്റിനെ കൊണ്ട് അന്വേഷിപ്പിച്ച റിപ്പോർട്ട് സമർപ്പിക്കണം |

| | | | | | |
|---|---|---|---|---|---|
| | | | | | ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപനത്തിന് കത്ത് നൽകി |
| 2003-04 | 3-07 | 2005-06 | 70(3)(4) | പരിശീലനം പൂർത്തിയാക്കിയതിന് രേഖയില്ല. മോണിറ്ററിങ്ങ് റിപ്പോർട്ടില്ല. | (LFA (16-19) 25th റിപ്പോർട്ട് ഖ. 27) പ്രകാരം സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കണം. |
| 2003-04 | 3-08 | 2005-06 | 70(3)(4) | പരിശീലനം – അപാകത | (LFA (16-19) 25th റിപ്പോർട്ട് ഖ. 27) പ്രകാരം പെർഫോമൻസ് ഓഡിറ്റിനെ കൊണ്ട് അന്വേഷിപ്പിച്ചതിന്റെ റിപ്പോർട്ട് വേണം. |
| 2004-05 | 3-1 | 2006-07 | 3.79.14.2 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ | (LFA (16-19) 25th റിപ്പോർട്ട് ഖ. 44) പ്രകാരം നൽകിയ തുക തിരികെ ഈടാക്കണം |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണം– പൂർത്തിയാക്കിയില്ല | (LFA (16-19) 25th റിപ്പോർട്ട് ഖ. 87, 89, 90, 92, 90, 92 പ്രകാരം തുടർ നടപടി അറിയിക്കണം. |
| 2015-16 | 3-14 | 2016-17 | 4.6.8.i 68 | ഹാഡാ പദ്ധതി | പരാമർശം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 5.1.5. 86 | റോഡ് പ്രവൃത്തി അധികം ചെലവ് ചെയ്തു | പരാമർശം തുടരുന്നു |
| 2015-16 | 3-30 | 2016-17 | 7 (ബി) 97 | സൗരോർജ്ജ പദ്ധതി അനർട്ടിൽ തുക നിക്ഷേപിച്ചു | പരാമർശം തുടരുന്നു |
| 2017-18 | 3-1 | 2018-19 | | കെട്ടിടം പൂർണമാകാതെ MRF യൂണിറ്റിന് യന്ത്രം വാങ്ങി | പരാമർശം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയ | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | തിന്റെ വിവരം | |

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

LF 28388/spl.cell/SC4/99/31.07.02 നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ.കെ.കെ. തോമസിന്റെ പേരിൽ 1995-96 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 27a, B പ്രകാരം 6684/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,68,58,425 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,55,46,087 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗികരിക്കാത്ത തുക | 5,45,074 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17284791 |

(ബി) ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 18,000 | ശ്രീ അനിരു ദേവ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 18,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-11 | 1373984 | ഡോ കേശവനുണ്ണി ,<br>മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ, |
| 1-12 | 2153881 | ശ്രീ അനിതു ദേവ് ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-13 | 481495 | ശ്രീ അനിതു ദേവ് ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-14 | 1300000 | ശ്രീമതി ലേഖ കെ ,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-15 | 11029800 | ശ്രീ ബിജിൻ പി ജേക്കബ് ,<br>സെക്രട്ടറി |
| 1-16 | 45631 | ഡോ കേശവനുണ്ണി ,<br>മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| 1-18 | 900000 | ശ്രീമതി.പുഷ്പ.ടി.കെ<br>ശിശുവികസന പദ്ധതി ഓഫീസർ |
| ആകെ | 17284791 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി സെസ്- ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അനിതു ദേവ്, | അസിസ്റ്റന്റ് | മമ്മിളി പുറായിൽ, |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | എഞ്ചിനീയർ, എൽ.എസ്.ജി.ഡി, കൊടുവള്ളി | പന്തീരാങ്കാവ്, കോഴിക്കോട് |
| ഡോ കേശവനുണ്ണി , മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ, താമരശ്ശേരി | പ്രണവം, ഓർക്കിഡ് ഹിൽ, താമരശ്ശേരി, ചുങ്കം, 673573 |
| ശ്രീമതി.ലേഖ.കെ , കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ , കൊടുവള്ളി | ചിറ്റേത്ത്ഹൗസ്, കടക്കനാട് പോസ്റ്റ്, കോലഞ്ചേരി, എറണാകുളം, 682311 |
| ശ്രീ.ബിജിൻ.പി ജേക്കബ് , സെക്രട്ടറി | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കൊടുവള്ളി. | പൊന്നാമ്പൽ, ടോബിൻ വില്ല, പാറോപ്പടി, മേരിക്കുന്ന്, 673012 |
| ശ്രീമതി.പുഷ്പ.ടി.കെ ശിശുവികസന പദ്ധതി ഓഫീസർ | ശിശുവികസന പദ്ധതി ഓഫീസർ, കൊടുവള്ളി | ചൈത്രം ഹൗസ് പനങ്ങാട് പോസ്റ്റ് ബാലുശ്ശേരി |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | പരാമർശങ്ങൾ |
|---|---|---|---|
| 1995-96, 1997-98, | എ ൽ.എഫ്.കെ.കെ.ഡി. പി.7/ 2262/16/ 19.05.17 | 3 | 27, 34, 41 Car -41 |

| | | | |
|---|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.7/ 2263/16/ 19.05.17 | 3 | 27, 29, 30 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി.7/ 2264/16/ 19.05.17 | 5 | 33, 42(3), 43, 44, 45 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1440/12(2)/ 14.12.12 | 13 | 20, 21, 22, 23, 24, 25, 26, 27, 29, 32, 35, 36, 37 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1440/12(3)/ 14.12.12 | 13 | 4, 5, 6, 7, 9, 10, 12,17, 18, 19, 24, 25, 26 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3/ 1910/1129.12.11 | 7 | 5, 7(7), 8, 10, 11, 12, 13 (A, B) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1915/11(1)/ 19.06.13 | 26 | 3-1, 3-2, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-25, 3-26, 3-27, 3-28, 3-30, 3-32, 3-33, 3-35, Car -3-6, 3-7, 3-8, 3-11, 3-18, 3-25 3-21, 3-30, 3-35 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.7/ 1911/11(1)/10.06.13 | 11 | 3-1, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-13, 3-14, 3-19, 3-20 Car 3-1, 3-4, 3-6, 3-13, 3-14 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 675/22(1)/25.05.22 | 9 | 3-1, 3-3, 3-7, 3-9, 3-10, 3-11, 3-13, 3-14, 3-15 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 675/22(2)/25.05.22 | 9 | 3-1, 3-6, 3-8, 3-13, 3-14, 3-15, |

| | | | |
|---|---|---|---|
| | | | 3-23, 3-24,<br>3-25 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.7/<br>1814/09/16.02.12 | 8 | 1, 2, 3-1, 3-2, 3-3,<br>3-4, 3-6,3-7,4-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.7/<br>489/13/01.06.13 | 10 | 2-1, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7,<br>3-9, 3-10 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./പി.7/<br>674/22/25.05.22 | 6 | 3-5, 3-7, 3-8, 3-9,<br>3-10, 3-11, |
| 2010-11,<br>2011-12 | എൽ.എഫ്.കെ.കെ.ഡി.പി.7/<br>1192/14/11.03.2015 | 8 | 2-1, 3-1, 3-3(1, 2),<br>3-5, 3-7, 3-9, 3-10,<br>3-11 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി.7/<br>675/22/25.05.22 | 7 | 3-1, 3-2, 3-3, 3-6,<br>3-7, 3-8, 4-1 |
| 2013-14,<br>2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.8/<br>492/22/25.05.22 | 9 | 3-2, 3-5, 3-6, 3-7,<br>3-9, 3-15, 3-16.<br>3-17, 3-18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.8/<br>1396/21/04.02.2022 | 18 | 2-5, 3-5, 3-9, 3-12,<br>3-13, 3-14, 3-15, 3-17,<br>3-18, 3-19, 3-20,<br>3-21, 3-23, 3-24,<br>3-25, 3-26, 3-30,<br>3-31 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.8/<br>1396/2021(1)/ 09.03.22 | 6 | 2-4, 3-3, 3-4, 3-7,<br>3-10, 3-11 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി.8/<br>675/2022(3)/ 25.05.22 | 9 | 3-1, 3-2, 3-3,<br>3-10, 3-11, 3-12,<br>3-14, 3-15, 3-16 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി.8/<br>491/22/ 07.04.2022 | 13 | 1-7, 1-8, 1-9, 1-10,<br>1-11, 1-12, 1-13 , 1-18,<br>1-21, 1-25, 3-1,<br>3-2, 4-12 |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി.8/<br>425/22/ 18.03.2022 | 14 | 1-1 To1-12, 3-1,3-2 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി.8/<br>426/22/ 23.03.2022 | 29 | 1-1 To1-27, 3-1,3-2 |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്